മെഡിക്കൽ ആനുകൂല്യമായി നൽകിയ തുക. രൂപ

മന്ത്രിയുടെ പേരും വകുപ്പും

ശ്രീമതി. എം. കമലം—
സഹകരണ വകുപ്പുമന്ത്രി. രൂ. 242.00

ശ്രീ. കെ. പി. മുഹമ്മദീൻ—
ഗതം വകുപ്പുമന്ത്രി. രൂ. 1257.60

ഈ കാലയളവിൽ (31-5-1986-നു ശേഷം) മറ്റു മന്ത്രിമാർക്ക് മെഡിക്കൽ ബെനിഫിറ്റ് ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

ഗവൺമെൻറ് സെക്രട്ടറിമാർക്ക് ടി. എ., ഡി. എ., ടെലിഫോൺ, കറൻറ് എന്നീ ഇനങ്ങളിൽ ചെലവായ തുക

413. [524] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടറിയേറ്റിലെ വിവിധ ഡിപ്പാർട്ടുമെൻറുകളിലെ ഓരോ സ്പെഷ്യൽ സെക്രട്ടറി/സെക്രട്ടറി/കമ്മീഷണർ എന്നിവർ 1984 മാർച്ചു മാസം മുതൽ 1986 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിനകത്തും പുറത്തും, വിദേശത്തും നടത്തിയിട്ടുള്ള യാത്രകൾക്ക് പൊതുഭരണവകുപ്പ് മുഖേന ക്രമീകരിച്ച വിമാന ടിക്കറ്റു തുക ഉൾപ്പെടെ ടി. എ., ഡി. എ., മറ്റു ബത്ത എന്നീ ഇനത്തിൽ എന്തു തുക ചെലവായിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ ഇവർക്ക് ഓരോരുത്തർക്കും എത്രരൂപ വീതം ടെലിഫോൺ ബിൽ (വസതിയിലെതുൾപ്പെടെ) ഇനത്തിൽ ചെലവാക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട് †.

(ബി) ഉത്തരം അനുബന്ധമയി ചേർത്തിട്ടുണ്ട്. ‡

ഗവൺമെൻറ് സെക്രട്ടറിമാർ, വകുപ്പദ്ധ്യക്ഷൻമാർ എന്നിവരുടെ ടെലഫോൺ ഉപയോഗം

414. [525] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെൻറ് സെക്രട്ടറിമാർ, വകുപ്പദ്ധ്യക്ഷൻമാർ എന്നിവർക്ക് ഔദ്യോഗിക ടെലിഫോൺ ഉപയോഗിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെക്കെയായാണെന്നു വെളിപ്പെടുത്താമോ ?

† അനുബന്ധം—VII

‡ അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടിട്ടുണ്ട്.

(ബി) ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടെ വസതികളിലുള്ള ടെലിഫോണുകൾക്ക് (എസ്. റ്റി. ഡി. സൗകര്യമുള്ളവ ഉൾപ്പെടെ) രണ്ട് മാസത്തിൽ ഒരിക്കൽ 650 കാളുകൾ എന്ന് നിയന്ത്രണം വച്ചിട്ടുണ്ട്. അതിൽ കൂടുതലായുള്ള കാളുകൾ ഔദ്യോഗികാവശ്യത്തിനാണ് എന്ന് സാക്ഷ്യപ്പെടുത്തിയില്ലെങ്കിൽ അതാതു ഓഫീസർമാർ തന്നെ അതിന്റെ ചാർജ്ജ് അടയ്ക്കേണ്ടതാണ്.

കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം നടത്തിയ നിയമനങ്ങൾ

415. [526] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ പി. എസ്. സി. മുഖേന എത്ര നിയമനങ്ങൾ നടത്തി എന്നു വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങളിൽ ;

(സി) പ്രസ്തുത കാലയളവിൽ വിവിധ തസ്തികകളിലായി എത്ര പേർ റിട്ടയർ ചെയ്തു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) 31-7-1986-നുശേഷം അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റു തസ്തികയിൽ 5 പേരെ പി. എസ്. സി. മുഖേന നിയമിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറിയേറ്റിലെ മറ്റു തസ്തികകളെ സംബന്ധിച്ചും, സെക്രട്ടറിയേറ്റിലെത്തന്നെ മറ്റു വകുപ്പുകളേയും സംസ്ഥാനത്തെ വിവിധ വകുപ്പുകളേയും സംബന്ധിച്ചുമുള്ള വിവരം ശേഖരിച്ചു വരുകയാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

பணியில் இருக்கும்போது இறந்தவரின் ஆதரவிலுள்ளவர்களுக்கு வேலை கொடுக்கும் திட்டம்

(Employment under dying in-harness cases)

416. [527] ശ്രീ. പി. വരദൻ : കീഴ് കാണും വിഷയങ്ങൾക്കു മുഖ്യമന്ത്രി തയ്യാറാകുമോ :

(എ) പണിയിൽ ഇരിക്കുമ്പോൾ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനുള്ള നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly